പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5820 — 02/07/2019-ൽ മറുപടിയ്ക്ക്

# സർക്കാർ മേൽനോട്ടത്തിൽ ഓൺലൈൻ ടാക്സി സർവ്വീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ<br>ശ്രീ. കെ. ദാസൻ<br>ശ്രീ. ഡി.കെ. മുരളി<br>ശ്രീമതി വീണാ ജോർജ്: | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ മന്ത്രി) |
| (എ) ഓൺലൈൻ വാഹന അഗ്രഗേറ്ററായ യൂബർ പോലുള്ളവയുടെ തൊഴിലാളി ചൂഷണത്തിന് പരിഹാരമെന്ന നിലയിൽ സർക്കാർ മേൽനോട്ടത്തിൽ ഓൺലൈൻ ടാക്സി സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച മോട്ടോർ വാഹന തൊഴിലാളി ക്ഷേമ ബോർഡിന്റെ നിർദ്ദേശം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ സർക്കാർ നിയന്ത്രണത്തിൽ ഓൺലൈൻ ടാക്സി സർവ്വീസ് ആരംഭിക്കുന്നതിന്റെ സാധ്യത സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. |
| (ബി) അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) അസംഘടിത തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തിയാണ് സർക്കാർ 02/02/2016-ലെ സ.ഉ.(അച്ചടി)നം.24/2016/തൊഴിൽ നമ്പർ ഉത്തരവു പ്രകാരം കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ബോർഡിന് രൂപം നല്കിയത്. ടി ബോർഡിൽ അംഗങ്ങളാകുന്നവർക്ക് പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം റിട്ടയർമെന്റ് ആനുകൂല്യം , വാർദ്ധക്യകാല പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, , വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, അപകടാനുകൂല്യം, വിവാഹ വായ്പ ധനസഹായം, വീട് നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമുള്ള വായ്പാ ധനസഹായം, സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ് |

| | | |
|---|---|---|
| (സി) | അഞ്ച് വർഷത്തിലൊരിക്കൽ പുതുക്കി നിശ്ചയിക്കേണ്ട മിനിമം വേതനം സമയബന്ധിതമായി പുതുക്കി നിശ്ചയിക്കാൻ നടപടി യെടുത്തിട്ടുണ്ടോ; | (സി) മിനിമം വേതനം പുതുക്കി നിശ്ചയിക്കേണ്ട മേഖലകളിലെല്ലാം തന്നെ ആയത് പുതുക്കി നിശ്ചയിക്കുന്നതിലേക്കായി തെളിവെടുപ്പുകൾ നടത്തി സർക്കാരിന് ശിപാർശ നല്കുന്നതിനായി മിനിമം വേതന ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഹോട്ടലുകൾ ഉൾപ്പെടെയുള്ള വാണിജ്യ സ്ഥാപനങ്ങളിലും കടകളിലും തൊഴിലെടുക്കുന്ന പതിമൂന്നരലക്ഷത്തോളം വരുന്ന പീടിക തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കാനായി നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ? | (ഡി) ഹോട്ടലുകൾ ഉൾപ്പെടെയുള്ള വാണിജ്യ സ്ഥാപനങ്ങളിലും കടകളിലും സ്ഥാപന പരിശോധന വേളയിൽ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെൻറ് വിഭാഗം ഉദ്യോഗസ്ഥർ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ എന്ന് ഉറപ്പ വരുത്താറുണ്ട്. കൂടാതെ ടി മേഖലകളിൽ സ്ക്വാഡ് പരിശോധനയും നടത്താറുണ്ട്. കേരള ഷോപ്സ് ആൻറ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ്സ് ക്ഷേമനിധി ബോർഡിന്റെ പദ്ധതിയിൽ പരാമർശി ച്ചിട്ടുള്ള പ്രസവാനുകൂല്യം, വിവാഹാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം, മരണാനന്തര ധനസഹായം, മരണാനന്തര ചെലവ്, അബോർഷനായാലുള്ള സഹായം ചികിത്സാ ധനസഹായം, പെൻഷൻ, അംശദായം തിരികെ അനുവദിക്കൽ എന്നീ ആനുകൂല്യങ്ങൾ ഹോട്ടലുകൾ ഉൾപ്പെടെ യുള്ള വാണിജ്യ സ്ഥാപനങ്ങളിലും കടകളിലും തൊഴിലെടുക്കുന്ന പീടിക തൊഴിലാളികൾക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ